# സത്യസന്ധരോടൊപ്പം നിലകൊള്ളുക

عَنْ عَبْد الله ابن مَسعُود رضي الله عنه، قَال: قَال رَسولُ الله ﷺ عَلَيْكُمْ بالصّدْق ، فَإنّ الصدْق يَهْدي إلى البرّ، وَإنَّ الْبرّ يهْدى إلَى الْجنَّة ، ومَايزا لُ الرَّجُل يصْدُقُ وَيتحرَّى الصِّدْقَ حَتَى يُكْتَبَ عنْد الله صدّيقا، وَإيّاكُم وَالْكَذب، فَإنَّ الكَذب يَهْدي إلى الْفُجُورِ ، وَإنّ الفُجور يهْدِي إلَى النَّارِ، وَمَا يَزالُ الرَّجُلُ يَكْذِبُ وَيتحَرَّى الكَذِبَ حَتَّى يُكْتَبَ عِنْدَ الله كذَّابا

അബുദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: നിങ്ങൾ സത്യം മുറുകെ പിടിക്കുക. നിശ്ചയം സത്യം നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കുന്നു. അല്ലാഹുവിങ്കൽ സത്യസന്ധനെന്ന് രേഖപ്പെടുത്തുമാറ് മനുഷ്യൻ സത്യം പറയുകയും സത്യം തെരഞ്ഞെടുക്കുകയും ചെയ്യുന്നു. തീർച്ചയായും അസത്യം അധർമത്തിലേക്കും അധർമം നരകത്തിലേക്കും നയിക്കുന്നു. അല്ലാഹുവിങ്കൽ കള്ളനെന്ന് മുദ്രകുത്തപ്പെടുമാറ് മനുഷ്യൻ കളവ് പറയുകയും കളവിന് മുൻഗണന നൽകുകയും ചെയ്യുന്നു (മുസ്‌ലിം).

മനസാ വാചാ കർമണാ സത്യസന്ധരാവുക അത്ര എളുപ്പമുള്ള കാര്യമല്ല. അതേസമയം ജീവിത വിജയത്തിന് അത് അനിവാര്യമാണ് താനും. അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളേ, അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുകയും സത്യസന്ധരോടൊപ്പം നിലകൊള്ളുകയും ചെയ്യുവിൻ'' (*അത്തൗബ* 119). നാം അംഗീകരിക്കുന്ന ആദർശം ജീവിത ശൈലിയായി രൂപാന്തരപ്പെടുന്നതാണ് പൂർണാർഥത്തിലുള്ള സത്യസന്ധത. വാക്കിലും പ്രവൃത്തിയിലുമെല്ലാം അത് തെളിഞ്ഞു നിൽക്കണം. ആപൽക്കരമാണെന്ന് തോന്നിയാൽ പോലും സത്യസന്ധത മുറുകെപിടിക്കാൻ ശ്രമിക്കണമെന്ന പ്രവാചകന്റെ ഉദ്ബോധനം വാക്കും പ്രവൃത്തിയും മനോവികാരവും സത്യസന്ധമായിരിക്കേണ്ടതിന്റെ ഗൗരവത്തെയാണ് കുറിക്കുന്നത്.

ഭൗതികമായ പല താൽപര്യങ്ങളും പ്രലോഭനങ്ങളും മനുഷ്യനെ സത്യസന്ധതയിൽ നിന്ന് പിറകോട്ട് വലിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. സാമ്പത്തിക നേട്ടം, സ്ഥാനമാനങ്ങൾ കരസ്ഥമാക്കൽ, ജനപ്രീതി ആർജിക്കൽ, വഞ്ചന, ചതി, പ്രതിസന്ധികളിൽ നിന്നുള്ള മോചനം, ആളുകളെ ചിരിപ്പിക്കൽ തുടങ്ങി പല കാര്യങ്ങൾക്കും ആളുകൾ കള്ളം പറയാറുണ്ട്. തമാശക്ക് പോലും കള്ളം പറയരുതെന്ന് പ്രവാചകൻ പഠിപ്പിച്ചത് ഹദീസിൽ കാണാം. അതിൽ നിന്ന് ഒരു ദിവസത്തെയും മാറ്റി നിർത്തിയിട്ടില്ല. നബി(സ) പറഞ്ഞു: ''ജനങ്ങളെ ചിരിപ്പിക്കാനായി സംസാരത്തിനിടെ കള്ളം പറയുന്നവന് നാശം, അവന് നാശം, അവന് നാശം'' (അബൂദാവൂദ്).

കള്ളം പറയുന്നതിന്റെ അനാശാസ്യതയെ കുറിച്ച് പല രീതിയിൽ പ്രവാചകൻ ഉണർത്തിയിട്ടുണ്ട്. നാം ഒരാളെ കള്ളം പറഞ്ഞ് പറ്റിക്കുമ്പോൾ നാം മനസാ സന്തോഷിക്കുന്നു. പക്ഷേ അയാൾ നമ്മെ എത്രത്തോളം വിശ്വസിക്കുന്നുവെന്നതിന്റെ അടയാളമാണ് അയാൾ ചതിയിൽ വീഴുന്നു എന്നത്. കള്ളം പറയുന്നത് കടുത്ത വഞ്ചനയാണെന്നും കള്ളം പറയൽ കപടവിശ്വാസിയുടെ ലക്ഷണമാണെന്നും ഒരു മനുഷ്യൻ കള്ളം പറഞ്ഞാൽ അതുവഴിയുണ്ടാകുന്ന ദുർഗന്ധത്താൽ മലക്കുകൾ ഒരു മൈൽ ദൂരം മാറി നിൽക്കുമെന്നുമെല്ലാം ഹദീസുകളിൽ കാണാം.

ചെറിയ കള്ളം പോലും നിസ്സാരമാക്കാൻ പാടില്ല. അസ്മാഅ്(റ) പറയുന്നു: "ഞാൻ നബി(സ)യോട് ചോദിച്ചു: എനിക്ക് ഇഷ്ടപ്പെട്ട എന്തെങ്കിലും കാര്യത്തെ/വസ്തുവിനെ കുറിച്ച് എനിക്കത് ഇഷ്ടമില്ലെന്ന് പറഞ്ഞാൽ അത് കളവായി പരിഗണിക്കപ്പെടുമോ? തിരുമേനി പറഞ്ഞു: കള്ളം കള്ളമായും കൊച്ചുകളവ് അങ്ങനെയും രേഖപ്പെടുത്തപ്പെടും" (അഹ്മദ്). ഒരു കള്ളം പറഞ്ഞാൽ അതിനെ സാധൂകരിക്കാൻ വേറെ നിരവധി കള്ളങ്ങൾ പറയേണ്ടിവരും. ചെറിയ കല്ലുകൾ ചേർന്നാണ് വലിയ കുന്ന് രൂപപ്പെടുന്നത് എന്ന് നമുക്കറിയാമല്ലോ. നാം നിസ്സാരമായി ഗണിക്കുന്ന കൊച്ചുകൊച്ചു കളവുകൾ ഒരു വലിയ കൂമ്പാരമായി മാറി കള്ളനെന്ന് മുദ്രകുത്തപ്പെട്ടാൽ അതിന്റെ ഭവിഷ്യത്ത് ഭയാനകമായിരിക്കുമെന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നു.

കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ അടുത്തേക്ക് വിളിക്കാൻ കൊച്ചു കള്ളത്തരങ്ങൾ ചെയ്യാറുണ്ട് പലരും. ഇലയോ മറ്റോ കാണിച്ച് ആടിനെയോ പശുവിനെയോ അടുത്തേക്ക് വിളിക്കുകയും അവയെ പിടിച്ച് കെട്ടുകയും ചെയ്യുന്നു ചിലർ. മറ്റു ചിലർ കൈ ചുരുട്ടിപ്പിടിച്ച് മിഠായി തരാം എന്ന വ്യാജേന കുട്ടികളെ അടുത്തേക്ക് വിളിക്കുന്നു. കുട്ടിയെ ലാളിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. പക്ഷേ അതുപോലും പ്രവാചകൻ വിലക്കുന്നുണ്ട്. അബ്ദുല്ലാഹിബ്നു ആമിർ പറയുന്നു: ''ഒരു ദിവസം പ്രവാചകൻ ഞങ്ങളുടെ വീട്ടിലിരിക്കെ, എന്റെ ഉമ്മ എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു: ഇവിടെ വാ! നിനക്ക് ഒരു സാധനം തരാം. അപ്പോൾ തിരുമേനി ചോദിച്ചു: നിങ്ങൾ എന്താണ് അവന് കൊടുക്കാൻ ഉദ്ദേശിച്ചത്? ഉമ്മ പറഞ്ഞു: ഒരു കാരക്ക. തിരുമേനി പറഞ്ഞു: നിങ്ങൾ അവന് ഒന്നും കൊടുത്തില്ലെങ്കിൽ നിങ്ങളുടെ പേരിൽ ഒരു കള്ളം രേഖപ്പെടുത്തപ്പെടും'' (അബൂദാവൂദ്). ■